പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1723 — 16-06-2014-ൽ മറുപടിക്ക്

## ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം പദ്ധതി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ. മുരളീധരൻ:<br>" എം. പി. വിൻസെന്റ്:<br>" അൻവർ സാദത്ത്:<br>" ബെന്നി ബെഹനാൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. മിഷൻ 676-ൽ രണ്ടാമതായി ചേർത്തിട്ടുള്ള വികസന ക്ഷേമ സേവന ദൗത്യങ്ങളിൽ 28-ാം നമ്പരായി ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) ലഹരി വിമുക്ത കേരളം പദ്ധതി സാക്ഷാത്കരിക്കുന്നതിനായി സ്കൂൾ കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയുള്ള ബോധവൽക്കരണം, കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ സി.സി.ടി.വി. മുഖേന ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ സംപ്രേക്ഷണം ചെയ്യുക, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണം, അട്ടപ്പാടി, വയനാട് ആദിവാസി മേഖല കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണം എന്നിവ നടത്തി വരുന്നു. കൂടാതെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രചാരണങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയുമായി സഹകരിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളാണ് മിഷൻ 676 വഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ. |
| (സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;<br><br>(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്? | (സി)-യും, (ഡി)-യും<br>ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുള്ള സർക്കാർ/സർക്കാരിതര ഏജൻസികളുമായി ചേർന്ന് പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ആഫീസർ